# പൊതു തെരുവ്  തോന്നിയ പോലെ ഉപയോഗിക്കാമോ ?

അഡ്വ. ഷെറി ജെ തോമസ്
www.niyamadarsi.com

ഔസേപ്പച്ചന് പരാതി പറഞ്ഞു മടുത്തു. തന്റെ വീട്ടിലേക്കുള്ള വഴിയിൽ തന്നെ തുടങ്ങിയ പുതിയ കാർ പോളിഷിംഗ് കമ്പനിക്കാരനോട് പല തവണ പറഞ്ഞതാണ്, വഴിയിൽ വണ്ടികൾ പാർക്ക് ചെയ്തു മറ്റു വണ്ടികൾക്ക് സുഗമമായി പോകുന്നതിനു തടസ്സം ഉണ്ടാക്കരുതെന്ന്. ഔസേപ്പച്ചനാണെങ്കിൽ വയസാന്കാലത്ത് കാർ ഓടിക്കാൻ പഠിച്ചത് കാരണം ചെറിയ സ്ഥലത്ത് കൂടിയൊന്നും എളുപ്പം ഓടിക്കനുമാകില്ല. അത് തന്നെയാണ് കാറ് കടക്കരനുമായുള്ള തർക്കം. സ്ഥലമുണ്ടല്ലോ കാർ പോകാൻ .. എന്നാണ് അയാളുടെ വാദം. സർക്കാർ റോഡിൽ, അയാളുടെ ഔദാര്യത്തിൽ വേണോ താൻ കാർ ഓടിക്കാൻ ? അതാണ് ഔസേപ്പച്ചന്റെ ചിന്ത.

### എന്ത് ചെയ്യും ?

കേരള മുനിസിപാലിറ്റി നിയമം വകുപ്പ് 370 പ്രകാരം സെക്രട്ടറിയുടെ അനുവാദം ഇല്ലാതെ മുനിസിപ്പൽ പ്രദേശത്ത് റോഡിൽ സാധനങ്ങൾ നിക്ഷേപിക്കുന്നത് നിയമ വിരുദ്ധമാണ്. (പഞ്ചായത്തുകളിലും അതിനനുസരിച്ചുള്ള നിയമമുണ്ട്).

ഏതെങ്കിലും പൊതു തെരുവിലോ തെരുവിലെ തുറന്ന ചാലിന് മുകളിലോ അഴുക്കു ചാലിലോ കിണറിലോ അല്ലെങ്കിൽ എതെങ്കിലും പൊതുസ്ഥലത്തോ തടസ്സമോ കടന്നുകയറ്റമോ ആകുന്ന രീതിയിൽ സ്റ്റൂൾ, കസേര, ബെഞ്ച്, പെട്ടി, ഏണി, കെട്ട്,  മുതലായ സാധനങ്ങൾ വയ്ക്കുകയോ ഇടുകയോ ചെയ്യുന്നത് നിയമവിരുദ്ധമാണ്.

മോട്ടോർ വാഹനം, വാഹന ഭാഗങ്ങൾ, മുതലായവ അറ്റകുറ്റപ്പണി നടത്തുന്നവർ, വർക്ക് ഷോപ്പുകൾ, എന്നിവ അവയുടെ പരിസരത്തുള്ള തെരുവുകളിൽ അറ്റകുറ്റപ്പണി നടത്തുകയോ, പണി നടത്തുന്നതിനായോ, നടത്തിയതിനു ശേഷമോ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതും നിയമവിരുദ്ധമാണ്.

### നഗരസഭാ സെക്രട്ടറിക്ക് പരാതി

ഔസേപ്പച്ചൻ നഗരസഭാ സെക്രട്ടറിക്ക് ഇക്കാര്യത്തിൽ പരാതി നൽകി നടപടിക്കായി കാത്തിരിക്കുകയാണ്. സ്ഥലം കൌൺസിലരോടും ഔസേപ്പച്ചൻ കാര്യം പറഞ്ഞിട്ടുണ്ട്. പരാതി നൽകിയതിനു രസീതും കിട്ടി. ഇനി നടപടി ഉണ്ടായില്ലെങ്കിൽ കോടതിയിൽ പോകാനും ഔസേപ്പച്ചൻ തയ്യാറാണ്. കോടതിയും കേസുമൊക്കെ അവസാനഘട്ടത്തിൽ മാത്രമേ ഔസേപ്പച്ചൻ പ്രയോഗിക്കൂ. ഇപ്പോൾ ഉദ്ദേശിച്ചിരിക്കുന്നത് തന്റെ പരാതിയിൽ നടപടി വൈകിയാൽ എന്തുകൊണ്ടാണ് എന്നും മറ്റും ചോദിച്ച് വിവരാവകാശ നിയമപ്രകാരം ചോദ്യങ്ങൾ ഉന്നയിച്ച് പരാതിയിൽ നടപടിയെടുപ്പിക്കാമെന്നാണ് ഔസേച്ചന്റെ ചിന്ത.